(ബി) ഇത്തരത്തിൽ നിയമിച്ചിരുന്നതും 2015 ഏപ്രിലിൽ കാലാവധി പൂർത്തിയാക്കിയതുമായ ഡോക്ടർമാരുടെ ഒഴിവിൽ പകരം നിയമനം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) മുനമ്പം സർക്കാർ ആശുപത്രിയിൽ 2014-15 കാലയളവിലെ ആവറേജ് ഒ.പി. എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരത്തിൽ ഒ.പി.-യുള്ള ആശുപത്രിയിൽ ചുരുങ്ങിയത് എത്ര ഡോക്ടർമാരുടെ സേവനം ആവശ്യമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ ആശുപത്രിയിൽ ആവശ്യാനുസരണം ഡോക്ടർമാരെ നിയമിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

ഉത്തരം

(എ) ഞാറക്കൽ സർക്കാർ ആശുപത്രി 24X7 ആയതിനാലും അവിടെ പോസ്റ്റ്മോർട്ടം നടക്കുന്നതിനാലുമാണ് ബിനാനിപുരം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും ഒരു അസിസ്റ്റന്റ് സർജനെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചത്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രതിമാസ ശരാശരി ഒ.പി.5005 ആണ്.

(ഡി) 24X7 പി.എച്ച്.സി.കളിൽ 4 അസിസ്റ്റന്റ് സർജൻമാരുടെ തസ്തികയാണ് ആവശ്യമുള്ളത്.

(ഇ) മുനമ്പം സർക്കാർ ആശുപത്രിയിൽ നിലവിൽ അനുവദിക്കപ്പെട്ട തസ്തികയിൽ എല്ലാംതന്നെ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ല - ഡോക്ടർമാരില്ലാത്ത അവസ്ഥ**

**77 (742)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ സ്ഥിരമായി ഡോക്ടർമാരില്ലാത്ത എത്ര തസ്തികകളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ഥിരമായി ഡോക്ടർമാരില്ലാത്തതു കാരണം ഐ.സി. യൂണിറ്റടക്കം പ്രവർത്തിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാലവർഷം തുടങ്ങുമ്പോൾ രോഗികളുടെ എണ്ണം കൂടുന്ന സാഹചര്യത്തിൽ ജില്ലയിൽ ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ജനറൽ ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും സ്ഥിരമായി ഡോക്ടർമാരില്ലാത്ത തസ്തികകൾ താഴെ പറയും പ്രകാരമാണ്.

ജൂനിയർ കൺസൾട്ടന്റ് (റേഡിയോളജി/റേഡിയോതെറാപ്പി) - ജനറൽ ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും ഓരോ ഒഴിവ്.

ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്/ക്ലിനിക്കൽ ലാബ്) - ജില്ലാ ആശുപത്രിയിൽ സ്ഥിരമായി ഡോക്ടറില്ല. ജൂനിയർ കൺസൾട്ടന്റ് (PMR) - ജനറൽ ആശുപത്രിയിൽ ഒഴിവുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജില്ലയിലെ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അടിയന്തര സാഹചര്യത്തിൽ എൻ.ആർ.എച്ച്.എം. മുഖേന ഡോക്ടർമാരെ നിയമിക്കുന്നുണ്ട്.

**കാസർഗോഡ് ജനറൽ ആശുപത്രി**

**78 (743)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടേതടക്കം നിലവിലുള്ള തസ്തികകളുടെ വിശദവിവരം നൽകാമോ ;

(ബി) പ്രസ്തുത തസ്തികകളിൽ ഏതെല്ലാമാണ് ഒഴിഞ്ഞുകിടക്കുന്നത് എത്ര കാലമായി ഒഴിഞ്ഞ് കിടക്കുന്നു ;

(സി) സാധാരണക്കാരായ രോഗികൾ ഏറ്റവും അധികം ആശ്രയിക്കുന്ന പ്രസ്തുത ആശുപത്രിയിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ നികത്താൻ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly